# ചക്കംകണ്ടം
# കായലിനേക്കാൾ മലിനമായ രാഷ്ട്രീയനിലപാടുകൾ

കേരളീയം വാർത്താശൃംഖല

ഗുരുവായൂർ ക്ഷേത്രനഗരത്തിലെ മാലിന്യങ്ങൾ ചുമക്കേണ്ടി വരുന്ന ചക്കംകണ്ടം കായലോര പ്രദേശത്തെ ജനങ്ങളുടെ ജീവിതം പരിഹാരങ്ങൾ കാണാനാകാതെ ദു:സഹമായിത്തുടരുകയാണ്. ഗുരുവായൂരിൽനിന്നും മലവുംമൂത്രവും ഒഴുക്കിവിട്ട് തങ്ങളുടെ കുടിവെള്ളം മുട്ടിച്ചതിനെതിരെ ചക്കംകണ്ടത്തുകാർ വർഷങ്ങളായി നടത്തിവരുന്ന പ്രതിഷേധങ്ങളെ ഹോട്ടൽ റസ്റ്റോറന്റ് ലോബികളുടെ സമ്മർദ്ദഫലമായി തീർത്തും അവഗണിക്കാനുള്ള ശ്രമങ്ങളാണ് സി.പി.എം. ഭരിക്കുന്ന ഗുരുവായൂർ മുൻസിപാലിറ്റിയും സ്ഥലം എം.എൽ.എ. കെ.വി. അബ്ദുൾഖാദറും നടത്തുന്നത്. ലോഡ്ജുകളിലും ഹോട്ടലുകളിലും സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കാതെ നേരിട്ട് കാനകളിലേക്ക് തള്ളുന്ന മലവും മൂത്രവുമാണ് ചക്കംകണ്ടം കായലിലേക്ക് ഒഴുകിയെത്തി അതിനെ മലിനപ്പെട്ടുത്തിക്കൊണ്ടിരിക്കുന്നത്.

ഇത് തടയുന്നതിന് നടപടികളെടുക്കാതെ ട്രീറ്റ്മെന്റ് പ്ലാന്റ് എന്ന അശാസ്ത്രീയവും കാലഹരണപ്പെട്ടതുമായ പദ്ധതിയാണ് സർക്കാർ മുന്നോട്ട് വെയ്ക്കുന്നത്. ഒരിടത്തും വിജയിച്ചിട്ടില്ലാത്ത മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം ചക്കംകണ്ടത്തെ കൂടുതൽ പ്രശ്നങ്ങളിലേക്ക് തള്ളിവിടുമെന്ന ഭയത്തിലാണ് തദ്ദേശവാസികൾ. ഇതിനിടയിൽ ട്രീറ്റ്മെന്റ് പ്ലാന്റ് പണിയുന്നതിന് ചക്കംകണ്ടത്തുക്കാർ കാത്തിരിക്കുകയാണെന്ന് വളരെ അടിസ്ഥാനരഹിതമായൊരു പ്രസ്താവന കെ.വി. അബ്ദുൾഖാദർ എം.എൽ.എ. പുറത്തുവിടുകയും ജനങ്ങൾ അതിനെ എതിർക്കുകയും ചെയ്തിരുന്നു. ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെയും, ട്രീറ്റ്മെന്റ് പ്ലാന്റിന്റെ രൂപകല്പനയും പ്രവർത്തനക്ഷമതയും മറ്റും രഹസ്യമാക്കിവച്ചും ജനങ്ങളുടെ കണ്ണിൽ പൊടിയിട്ടുകൊണ്ട് ഒരു പ്ലാന്റ് തട്ടിക്കൂട്ടാനുള്ള ശ്രമങ്ങളാണ് പണം തട്ടിയെടുക്കുന്നതിനായി ചില തൽപരകക്ഷികൾ ഇപ്പോൾ നടത്തുന്നത്. യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ ഗുരുവായൂരിലെ കാനകളിലേക്ക് മലവും മൂത്രവും മറ്റ് മാലിന്യങ്ങളും ഒഴുക്കിവിടുന്നതിനെതിരെ നിയമം നടപ്പിലാക്കുകയാണ് വേണ്ടത്. മുപ്പതുവർഷമായിട്ടും മലമടങ്ങിയ മാലിന്യത്തിന്റെ ഉറവിടം അന്വേഷിക്കാതെയും, മാലിന്യമുണ്ടാക്കുന്നവരെ തടയാതെയും, പ്രശ്നങ്ങൾ പഠിക്കാതെയും ട്രീറ്റ്മെന്റ് പ്ലാന്റ് എന്ന പരിഹാരം മാത്രം മുന്നോട്ട് വെയ്ക്കുന്നത് സാമ്പത്തിക താത്പര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുതന്നെയാണ്. ഗുരുവായൂർ മുൻസിപ്പാലിറ്റിയിലെ മാലിന്യങ്ങൾ ചുമക്കേണ്ടിവരുന്നത് എട്ട് പഞ്ചായത്തുകളാണ്. ചക്കംകണ്ടം കായൽ മലിനമായതോടെ കായലുമായി ബന്ധപ്പെട്ട് ജീവിച്ചിരുന്ന, മത്സ്യബന്ധനവും ചകരി തല്ലലും നടത്തിയിരുന്ന നിരവധി പാവപ്പെട്ടവരുടെ ജീവിതം തീർത്തും കഷ്ടത്തിലായിത്തീർന്നു.

**മനുഷ്യവാസമുള്ളിടത്തു നിന്നും ഒരുപാടകലെയായിരിക്കണം മാലിന്യ സംസ്കരണ പ്ലാന്റ് എന്ന് വ്യവസ്ഥയുണ്ടെങ്കിലും 3000 കുടുംബങ്ങൽ തിങ്ങിപാർക്കുന്ന ചക്കംകണ്ടത്തേക്കാണ് അത് തെറ്റിച്ചുകൊണ്ട് പ്ലാന്റ് വരാൻ പോകുന്നത്.**

മനുഷ്യവാസമുള്ളിടത്തു നിന്നും ഒരുപാടകലെയായിരിക്കണം മാലിന്യ സംസ്കരണ പ്ലാന്റ് എന്ന് വ്യവസ്ഥയുണ്ടെങ്കിലും 3000 കുടുംബങ്ങൽ തിങ്ങിപാർക്കുന്ന ചക്കംകണ്ടത്തേക്കാണ് അത് തെറ്റിച്ചുകൊണ്ട് പ്ലാന്റ് വരാൻ പോകുന്നത്. സംസ്കരണ പ്ലാന്റിൽ നിന്നും പുറത്തേക്കൊഴുകുന്ന ദ്രാവകം ചക്കംകണ്ടം കായലിനെ വീണ്ടും മലിനപ്പെടുത്താനാണ് സാദ്ധ്യത. പദ്ധതിയുടെ ഇത്തരം പാരിസ്ഥിതിക ആഘാതങ്ങളെക്കുറിച്ചൊന്നും പഠനങ്ങൾ നടന്നിട്ടില്ല.

ഡോ. പി.ആർ. മഹാദേവൻപിള്ളയുടെ നേതൃത്വത്തിൽ ചക്കംകണ്ടം പ്രശ്നത്തെക്കുറിച്ച് നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് ഈ മാസം പുറത്തുവന്നു. മാലിന്യ സംസ്കരണ പ്ലാന്റ് അശാസ്ത്രീയമാണെന്നാണു റിപ്പോർട്ടും പറയുന്നത്. ചക്കംകണ്ടം കായൽ മുതൽ ഗുരുവായൂർ ക്ഷേത്രത്തിന്റെ കുളത്തിൽ വരെ അപകടകാരികളായ ബാക്ടീരിയകളുണ്ടെന്ന് പഠനം കണ്ടെത്തി. മലമാലിന്യങ്ങൾ കാരണമാണ് ഇവയുടെ അളവ് വെള്ളത്തിൽ കൂടിയത്. ഗുരുവായൂർ അമ്പലക്കുളത്തിലെ വെള്ളം തൃശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ലബോറട്ടറിയിലാണ് പഠനസംഘം പരിശോധിച്ചത്. കോളിഫോം ബാക്ടീരിയുടെ അളവ് അമ്പലക്കുളത്തിലെ വെള്ളത്തിൽ 100 മില്ലിലിറ്ററിൽ 1100 ആണെന്നാണ് പരിശോധനയിൽ കണ്ടെത്തിയത് കോളിഫാമിന്റെ അളവ് കുടിവെള്ളത്തിൽ 50 ഉം കുളിക്കാനുള്ള വെള്ളത്തിൽ 500 ഉം ആണ് കേന്ദ്രമലിനീകരണ നിയന്ത്രണബോർഡ് നിർദ്ദേശിച്ചിട്ടുള്ള അനുവദനീയമായ പരിധി. അനുവദിക്കപ്പെട്ടിട്ടുള്ളതിനേക്കാൾ വളരെ കൂടുതലാണ് ഗുരുവായൂർ അമ്പലക്കുളത്തിലെ കോളിഫാമിന്റെ അളവ്. ക്ഷേത്രകുളം തന്നെ ഇത്രയും മാരകമായ രീതിയിൽ മലിനപ്പെട്ടിട്ടുണ്ടെങ്കിൽ മാലിന്യങ്ങൾ നേരിട്ട ഒഴുകിയെത്തുന്ന ചക്കംകണ്ടം കായലിന്റെ അവസ്ഥ സാമാന്യയുക്തിയുള്ള ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ.

പഠനറിപ്പോർട്ടുകൾ പുറത്തുവന്നിട്ടും ചക്കംകണ്ടത്തുകാർ നേരിടുന്ന വലിയ ജനകീയ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ അധികൃതർ തയ്യാറാകുന്നില്ല. പ്ലാന്റു നിർമ്മിക്കുന്നതിന്റെ യാത്ര വലിയ

പ്രയാസമുള്ളതല്ല, കാര്യങ്ങൾ വളരെ ലളിതമാണ്. ഗുരുവായൂർ ക്ഷേത്ര ടൗൺഷിപ്പിൽ പ്രവർത്തിക്കുന്ന ലോഡ്ജുകളിലെ മലമാലിന്യങ്ങൾ സംസ്കരിക്കാൻ അവർതന്നെ സെപ്റ്റിക് ടാങ്കുകൾ പോലെയുള്ള സൗകര്യങ്ങൾ നിർബന്ധമായും തയ്യാറാക്കണമെന്ന് നിയമം കൊണ്ടുവരുകയും, അല്ലാത്തപക്ഷം ഹോട്ടലുകളുടെ ലൈസൻസ് റദ്ദുചെയ്യുകയും ചെയ്താൽ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും. ഭൂമിയുടെ വൃക്കയെന്നു പറയുന്ന, മാലിന്യത്തിൽ നിന്നും വെള്ളത്തെ രക്ഷിക്കുന്ന, കണ്ടൽച്ചെടികൾപോലും ചക്കംകണ്ടത്ത് നശിച്ചുപോയതിനാൽ മാലിന്യത്തിന്റെ അളവ് അത്രയ്ക്കും ഭീകരമാണെന്ന് മനസ്സിലാകും. പക്ഷെ കേവലയുക്തിക്ക് നിരക്കാതെ ആരോപണങ്ങളുന്നയിച്ച് ചക്കംകണ്ടംകാരുടെ പ്രതിഷേധത്തെ തകർക്കാനുള്ള ശ്രമങ്ങളാണ് അണിയറയിൽ നടത്തിയിരിക്കുന്നത്. ചക്കംകണ്ടം പ്രശ്നത്തിൽ ഇടപെട്ട സാറാജോസഫിനെ പോലെയുള്ളവർ നഗരങ്ങളെയും ഗ്രാമങ്ങളെയും തമ്മിൽ ഭിന്നിപ്പിക്കാൻ ശ്രമിക്കുകയാണെന്നു ആക്ഷേപമുണ്ടായി. വസ്തുനിഷ്ഠമല്ലാതെ ഈ ആരോപണം ചക്കംകണ്ടത്തുകാർ തള്ളിക്കളഞ്ഞു.



കാരണം ഗുരുവായൂർ നഗരത്തിന് കുടിക്കുന്നതിനുള്ള വെള്ളം കാലങ്ങളായി നൽകുന്നത് ചക്കംകണ്ടത്തുക്കാരാണ് പ്രശ്നക്കാർക്കിടയിലും ഒരു വിയോജിപ്പുമില്ലാതെ അവർ അത് തുടരുന്നു.

ഒരിക്കലും ഗുരുവായൂർ നഗരത്തിനെതിരെയുള്ള സമരമല്ല ചക്കംകണ്ടംകാരുടേത്. മാലിന്യങ്ങൾ ഉവിടത്തിൽത്തന്നെ സംസ്കരിക്കണമെന്ന വലിയ മുദ്രാവാക്യമാണ് അത് മുന്നോട്ടുവയ്ക്കുന്നത്.

പ്രശ്നത്തിന് വർഗ്ഗീയതയുടെ മുഖം കൊടുക്കാനുള്ള ശ്രമങ്ങളും ഒരുവശത്ത് നടക്കുന്നുണ്ട്. ഗുരുവായൂർ ക്ഷേത്രത്തിനെതിരാണ് സമരമെന്നും ഭക്തന്മാർ മാലിന്യങ്ങൾ സൃഷ്ടിക്കുന്നവരാണെന്ന് പറഞ്ഞ് പരത്തി അവരേയും ക്ഷേത്രത്തെയും അപമാനിക്കാൻ അന്യമതത്തിൽപ്പെട്ട ചിലരുടെ നേതൃത്വത്തിൽ നടന്നുവരുന്ന തന്ത്രമാണിതെന്നും ഒരു വിഭാഗം ആരോപിക്കുന്നു. എന്നാൽ ക്ഷമയോടെ ദീർഘകാലാടിസ്ഥാനത്തിലുള്ള ലക്ഷ്യങ്ങൾക്കായി അവർ സമരം തുടരുന്നു. സമരത്തിന്റെ ചില ഫലങ്ങൾ ഇപ്പോൾത്തന്നെ പ്രത്യക്ഷത്തിൽ കണ്ടുതുടങ്ങിയിട്ടുണ്ട്. ലൈസൻസ് പുതുക്കാൻ ചെന്ന എല്ലാ ലോഡ്ജുകളോടും മാലിന്യ നിർമ്മാർജ്ജനത്തിനുള്ള മാർഗ്ഗങ്ങൾ വേഗം നിർമ്മിച്ചില്ലെങ്കിൽ അവരുടെ ലൈസൻസ് റദ്ദുചെയ്യുമെന്ന് നഗരസഭ അധികൃതർ ശാസിച്ചിട്ടുണ്ട്.

മനുഷ്യമലമുൾപ്പെടെയുള്ള മാലിന്യങ്ങൾ ദുരിതപൂർണ്ണമാക്കിയ ചക്കംകണ്ടത്തെ ജീവിതങ്ങൾ പരിഹാരമായി പറയുന്ന അശാസ്ത്രീയമായ സംസ്കരണം പ്ലാന്റിനെതിരെ വികേന്ദ്രീകൃത മാലിന്യസംസ്കരണമെന്ന മുദ്രാവാക്യമായി നടത്തുന്ന സമരം കേരളത്തിലെ മനുഷ്യസ്നേഹികളുടെ, സാമൂഹിക പ്രവർത്തകരുടെ ജനകീയ സംഘടനകളുടെ പിന്തുണ തേടുന്നു.

*ബന്ധങ്ങൾക്ക് :*
*സി.എഫ്. ജോർജ്ജ് മാസ്റ്റർ, 9446356234*

## ചക്കംകണ്ടം പ്രശ്നത്തെക്കുറിച്ച് പഠിച്ച നിയുക്തസംഘത്തിന്റെ നിഗമനങ്ങൾ

1. പരിസരവാസികൾ പറയുന്നത് ശരിയാണെന്ന് നിലവിലുള്ള അവസ്ഥ സാക്ഷ്യപ്പെടുത്തുന്നു.
2. വലിയതോട് കൊതുകുകളുടെ പ്രജനന കേന്ദ്രമായിട്ടുണ്ട്. തോട്ടിൽ ഉടനീളം മാലിന്യങ്ങളുടെ ജീർണ്ണനം നടക്കുന്നു.
3. ചക്കംകണ്ടം കായൽ ഭാഗികമായി, അഴുകിക്കുതിർന്ന മലം കൊണ്ട് നിറഞ്ഞിരിക്കുന്നു.
4. കായലോരത്തെ കണ്ടൽച്ചെടികൾ പലയിടത്തും നാശോന്മുഖമായ അവസ്ഥയിലാണ്.
5. സംസ്കരണ പ്ലാന്റിനുവേണ്ടി മുനിസിപ്പാലിറ്റി ഏറ്റെടുത്തിട്ടുള്ള സ്ഥലം ജനവാസമുള്ള പ്രദേശത്താണ്. ഈ സ്ഥലം നികത്തുന്നത് കേന്ദ്ര ഗവൺമെന്റിന്റെ തീരദേശ നിയന്ത്രണനിയമത്തിന് (സി.ആർ.സെഡ്) എതിരുമാണ്.
6. കായലിനു ചുറ്റുമുണ്ടായിരുന്ന മിക്ക കയറുല്പാദന കേന്ദ്രങ്ങളും അടച്ചുകഴിഞ്ഞു.
7. ത്വക് രോഗങ്ങളും ഉദരരോഗങ്ങളും ചക്കംകണ്ടത്തെ ആളുകൾക്കിടയിൽ വളരെ സാധാരണമായിട്ടുണ്ട്.
8. ഇവിടുത്തെ ജനങ്ങൾ നിസ്സഹായരും അസംഘടിതരുമാണ്. സ്വന്തം വിധിയെ പഴിച്ച് കഴിയുകയാണവർ. ശുദ്ധജല വിതരണവും ശരിയായ രീതിയിൽ നടക്കുന്നില്ല.
9. സംസ്കരണശാല ഇവിടെ സ്ഥാപിച്ചാൽ സംസ്കരിച്ചതും അല്ലാത്തതുമായ ദ്രാവകം നേരിട്ട് കായലിലേക്കാണ് ഒഴുകുക. അതോടെ കായൽ പകർച്ചവ്യാധികൾ പരത്തുന്ന ഒരു മൃതതടാകമാവും.
10. ഗുരുവായൂരിലെ കിണറുകളിലേയും കുളങ്ങളിലേയും വെള്ളം പോലും മലിനമാണ്. ഗുരുവായൂരമ്പലക്കുളത്തിലെ വെള്ളം ഞങ്ങൾ തൃശൂർ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജിലെ എൻവയർമെന്റൽ എൻജിനീയറിംഗ് ലബോറട്ടറിയിൽ പരിശോധിച്ചു. കോളിഫോമിന്റെ എം.പി.എൻ. കൗണ്ട് 100 മി.ലി.ന് 1100-ഉം ബി.ഒ.ഡി. (മൂന്ന് ദിവസം, $27^0$ സി.) ലിറ്ററിന് 22.8 മീ. ഗ്രാമും ആണെന്നായിരുന്നു കണ്ടെത്തൽ. എം.പി.എൻ. കുടിവെള്ളത്തിൽ 50-ഉം കുളിക്കാനുള്ള വെള്ളത്തിൽ 500-ഉം ആണ് കേന്ദ്രമലിനീകരണ നിയന്ത്രണബോർഡ് നിർദ്ദേശിച്ചിട്ടുള്ള അനുവദനീയമായ കൗണ്ട്. അതുപോലെ ലിറ്ററിന് 2 മി.ഗ്രാമും 3 മി. ഗ്രാമുമാണ് യഥാക്രമം അനുവദിക്കപ്പെട്ടിട്ടുള്ള ബി.ഒ.ഡി. കോളിഫോമിന്റെ സാന്നിദ്ധ്യം അനുവദനീയമായതിനേക്കാൾ വളരെ കൂടുതലാണ്. ക്ഷേത്രനഗരം, അവിടത്തെ ജനങ്ങളെ രക്ഷിക്കാൻ, മാലന്യമുക്തമാക്കാൻ നടപടികളെടുക്കേണ്ട ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

*നിയുക്തി സംഘാംഗങ്ങൾ : ഡോ. പി.ആർ. ശ്രീമഹാദേവൻ പിള്ള, ഡോ. സി.എം. ജോയ്, ഡോ. പി.സി. അലക്സാണ്ടർ, സാറാ ജോസഫ്*